# നെന്മാണിക്യം

(നോവൽ–10)

ജോൺ ഇളമത

തറവാടിന്റെ പിന്നാംഭാഗത്ത് ആടിനെയും പശുവിനെയും അറുത്ത് കഷണങ്ങളാക്കിയ കറികൾ ഉരുളിയിൽ ഉറഞ്ഞുതുള്ളി വെന്തു. വാർപ്പിൽ അരിയിട്ടു ചോറുവച്ചു. നായന്മാരെ വരുത്തി അവിയലും സാമ്പാറും അടപ്രഥമനും വെപ്പിച്ചു.

കായൽത്തീരങ്ങളിലെ തൈത്തെങ്ങുകൾ ചെത്തിയ ഇളംകള്ളിൻ കുടങ്ങൾ ഓടിവള്ളങ്ങളിൽ കടവിൽ വന്നടുത്തു.

നാടടച്ചു കല്യാണവിളിയുണ്ടായിരുന്നു. നാട്ടിലെ പ്ര മാണിമാരായ നസ്രാണിക്കും നായന്മാരും കൈമളുമാരും കുറുപ്പുമാരുമൊക്കെ.



അയിത്തം വന്ന കീഴാളവർഗ്ഗത്തിന് അകലെ പന്തൽ കെട്ടി സദ്യ വിളമ്പാൻ ഏർപ്പാടുണ്ടായിരുന്നു.

പന്തലിൽ പുൽപ്പായിൽ പൊക്കംകൂടിയ കുരണ്ടികളിലേക്ക് ചെറുക്കനെയും പെണ്ണിനെയും ആനയിച്ചിരുത്തി.

അപ്പോൾ മാത്രമാണ് ചെറിച്ചി ചുമ്മാരച്ചനെ ചൊവ്വിനു കണ്ടത്. ചുമ്മാരച്ചൻ കുസൃതിക്കണ്ണുകളോടെ അവളെ നോക്കി. അവൾ ചൂളിപ്പോയി. ചുമ്മാരച്ചൻ ഒരു ഉരുക്കുപ്രതിമപോലെ അവളുടെ മനസ്സിൽ നിറഞ്ഞു. അതിനുള്ളിൽ ആർദ്രമായ ഒരു മനസ്സായിക്കോട്ടെ എന്നവൾ ആശിച്ചു.

അയാൾ അവളെ തുറച്ചുനോക്കുംപോലെ അവൾക്കുതോന്നി. അവൾ മുഖംകുനിച്ചു നാണിച്ചിരുന്നു.

അപ്പോൾ വലിയവായിൽ ഒരുശബ്ദംകേട്ടു.

മധുരംവയ്ക്കട്ടെ എന്നു ശോദിക്കുന്നു. ചെറുക്കന്റെ കാരണോന്റെ കലമ്പിച്ച ശബ്ദം.

അപ്പോഴാണ് ചെറിച്ചി മുമ്പിൽ വലിയ കുരണ്ടിപ്പുറത്ത് വാഴയിലയിട്ടു വെച്ചിരുന്ന വലിയ കേക്കു കണ്ടത്. വെളുപ്പും ചുവച്ചും ഇടകലർന്ന റോസാപ്പൂക്കൾ കേക്കിന് ചുറ്റും വിതറിയിട്ടിരുന്നു. എങ്ങുനിന്നോ പറന്നുവന്ന രണ്ടു തേനീച്ചകൾ റോസപ്പൂക്കളിൽ കയറിയിറങ്ങി. ഒടുവിൽ കേക്കിൽ പതിഞ്ഞിരുന്ന പഞ്ചസാരത്തരികളിൽ മുഖമുരുമ്മി മൂളിപ്പറന്നു.

ആരും ആദ്യം കാരണോരുടെ ശബ്ദത്തെ പ്രതികരിച്ചില്ല. ദീർഘകാലം കഴിഞ്ഞുകണ്ടുമുട്ടിയ ബന്ധുക്കളും സുഹൃത്തുക്കളും ദീർഘമായ സംവാദത്തിലായിരുന്നു.

വീണ്ടും കാരണോർ അല്പംകൂടി ശബ്ദത്തിൽ ആവർത്തിച്ചു:.

പെണ്ണിനും ചെറുക്കനും മധുരംവയ്ക്കട്ടെ എന്നു ശോദിക്കുന്നു.

താറാവിന്റെയും കോഴിയുടെയും കലമ്പൽപോലെയുള്ള ശബ്ദം ഒരു നിമിഷത്തേക്കു നിലച്ചു.

പ്രായമുള്ള ഒരു കാരണോർ മുറുക്കാൻ പന്തലിനു വെളിയിലേക്കു നീട്ടിതുപ്പി പറഞ്ഞു:
വെച്ചോ, വെച്ചോ!

പെങ്കൊച്ച് ക്ഷീണിച്ചുകാണും. കൊച്ചുപെണ്ണല്ലേ! കാലത്തെതൊട്ടുള്ള കല്യാണശടങ്ങല്ലേ? അതിനെ ഇരുത്തിക്കൊണ്ട് വിഷമിപ്പിക്കാതെ.

തുടർന്ന് മധുരംവെയ്പ്പും സദ്യയും നടന്നു. ഉപ്പിലിട്ടതുൾപ്പെടെ പതിമൂന്നുതരം കറികളുടെ അകമ്പടിയോടെ വാഴയിലകളിൽ സദ്യകൾ വിളമ്പി.

ഒന്നാംപന്തി ഉണ്ടെഴുന്നേറ്റ് ഏമ്പക്കം വിട്ടു പുറത്തിറങ്ങിയപ്പോൾ രണ്ടാംപന്തിയും മൂന്നാംപന്തിയും ഇരുന്ന് ഉണ്ടു.

കാക്കകൾ മരക്കൊമ്പിലിരുന്നു വിരുന്നുവിളിച്ചു. എച്ചിലിലകളുടെ മുകളിൽ അവകൾ കലപിലകൂട്ടി. ഗ്രാമത്തിലെ പട്ടികളുംപൂച്ചകളുംപോലും അവരുടെ വീതങ്ങൾക്കു മുക്കറയിട്ടു. കീഴാളവർഗ്ഗങ്ങൾ അവരുടെ പന്തികളിൽ സദ്യ ഉണ്ട് ശ്വാസംമുട്ടി. തറവാട്ടിൽ പുതിയ ഒരു ഐശ്വര്യത്തിൻ ഭദ്രദീപം തെളിഞ്ഞു.

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. ബന്ധുവീടുകളിൽ വിരുന്നൂട്ടുനടന്നു. എന്നിരുന്നിട്ടും ചുമ്മാരച്ചനും ചെറിച്ചിയും പരസ്പരം ബന്ധപ്പെട്ടില്ല. എവിടെയും കുഞ്ഞന്ന അമ്മച്ചി ഇടയിലുണ്ടായിരുന്നു. നൊയമ്പുവീടലും ക്രിസ്തുമസ്സും ഉയിർപ്പും കർക്കടകവും ഓണവും കടന്നുപോയി. ഉഷ്ണുമുള്ള രാത്രികളും ഉച്ചവെയിലുകളും കടന്നുപോയി. പരസ്പരം നോക്കി മന്ദഹസിക്കാനല്ലാതെ ചുമ്മാരച്ചനും ചെറിച്ചിക്കും കഴിഞ്ഞില്ല. ആഗ്രഹങ്ങളും വികാരങ്ങളും ആവിയായി. പറഞ്ഞറിയിക്കാനാവാത്ത വേദന ഇരുഹൃദയങ്ങളിലും കൂടുകെട്ടി.

അങ്ങനെ ഒരു വർഷത്തേക്കുകൂടി ചെറിച്ചി കുഞ്ഞന്ന അമ്മച്ചിയുടെ കൂടെയാണ് ഉറങ്ങിയത്. ചുമ്മാർ വള്ളപ്പുരയോടടുത്ത വാടാവിലും.

പ്രാർത്ഥനാമുറിയിലും ഊട്ടുമുറിയിലും ചുമ്മാരും ചെറിച്ചിയും കടാക്ഷങ്ങളും പുഞ്ചിരിയും കൈമാറി. അവരുടെ മനസ്സുകൾ നീറി. എന്തിനോവേണ്ടിയുള്ള ദാഹം. പ്രേമമെന്ന തീഷ്ണവികാരം മനസ്സിനെ അതു കുത്തുമുറിച്ചു. തൊടാനും ചുംബിക്കാനുമെങ്കിലും അവരാഗ്രഹിച്ചു.

ആളൊഴിഞ്ഞ ഇടങ്ങളിൽ ആരും കാണാതെ തൊട്ടും ചുംബിച്ചും അവർ നിർവൃതിയടഞ്ഞു.

അങ്ങനെ ഒരുനാൾ ചെറിച്ചി തിരണ്ടു. കന്യകയായി. പിന്നെ ഒറ്റവളർച്ച. കാട്ടിലെ കൂവളംപോലെ.

ആയിടെ തറവാട്ടിൽ ഉത്സവം നടന്നു. ആരും തിരണ്ടുകല്യാണം എന്നതിനെ പേർ വിളിച്ചില്ലെങ്കിൽത്തന്നെ അതങ്ങനെ ഒരു ഉത്സവമായിരുന്നു. ചെറിച്ചിയുടെ വീട്ടുകാരുമെത്തി. ആടിനെയും കോഴിയേയും അറുത്ത് സദ്യ ഒരുക്കി.

അന്ന് ചെറിച്ചിയെ വാല്യക്കാർ നല്ലെണ്ണയിൽ മെഴുക്കുപുരട്ടി പട്ടിഞ്ചയും താളിയും ചേർത്ത് പെണ്ണുങ്ങൾക്ക് പ്രത്യേകമുള്ള മറപ്പുരയിൽ കൊരണ്ടി ഇട്ടിരുത്തി കുളിപ്പിച്ചു.

അന്നുമുതൽ ചുമ്മാരും ചെറിച്ചിയും സ്വതന്ത്രരായി. അവർ അവർക്കു പ്രത്യേകം തയ്യാറാക്കിയ വാടാവിലുറങ്ങി. ഏദൻതോട്ടത്തിലെ ആദവും ഹവ്വയും പോലെ. അവർക്കുമേൽ വിലക്കുകളുണ്ടായിരുന്നില്ല. വിലക്കപ്പെട്ട മരങ്ങളോ ഫലങ്ങളോ ഉണ്ടായിരുന്നില്ല.

അങ്ങനെ ഒരുകൊല്ലം കഴിഞ്ഞു. ചെറിച്ചി ഗർഭിണിയാകുകയോ, മറ്റു ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയോ ചെയ്തില്ല.

ഒരു ദിവസം ഉറക്കറയിൽ കുഞ്ഞന്ന പാലുവിന്റെ ചെവിയിൽ മന്ത്രിച്ചു.

ചെറിച്ചി മച്ചിയാന്നാ തോന്നുന്നേ!

അത് നിനക്കെങ്ങനറിയാം.

അല്ലെങ്കി ഒരു കുഞ്ഞിക്കാലുകാണാം നേരം കഴിഞ്ഞു.

നിന്റെ മോൻ ചുമ്മാരിന് കൊഴപ്പോംന്നും കാണത്തില്ലന്ന് നെനക്കെങ്ങനറിയാം?

അതും നേരാ. ആ തെയ്യായ്ക്ക് ഒന്നും പറ്റീല്ലല്ലോ.

ങാ. എല്ലാം ദൈവനിശ്ചയം! കുഞ്ഞന്ന സമാധാനപ്പെട്ടു.

കുഞ്ഞന്ന ചിന്തിച്ചു: ചുമ്മാരച്ചനാകാം കൊഴപ്പം.

തെയ്യായെ ആ സംഭവത്തിനു ശേഷം ഒരു കൊല്ലം കൂടി കഴിഞ്ഞാ തെക്കുനിന്നു വന്നവൻ കെട്ടിയത്. അവളിപ്പോ ഗർഭിണിയാന്ന കേക്കുന്നുണ്ട്.

ഇരുളിൽ മിന്നാമിനുങ്ങുകൾ പറക്കുന്നത് തുറന്നിട്ട കിളിവാതിലൂടെ കുഞ്ഞന്ന കണ്ടു. പലതും കേട്ടിട്ടുണ്ട്. മുമ്പും സന്താനഭാഗ്യം കിട്ടാത്ത പൂർവ്വികർ തറവാട്ടിലുണ്ടായിട്ടുണ്ട്. തലമുറകളായി നടന്നുവരുന്ന ക്രൂരകൃത്യങ്ങളുടെ ശാപം

എന്നുമാത്രം സമാധാനിച്ചു. കീഴാളവർഗ്ഗത്തെ മേലാളർ ധാരാളം വകവരുത്തിയിട്ടുണ്ട്. കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്നു അക്കാലത്ത്. ആരും അതിനെ ക്രൂരകൃത്യങ്ങളായി കരുതിയിരുന്നില്ല., മറിച്ച് മേലാളവർഗ്ഗത്തിന്റെ ഒരു നീതിപീഠം.

വിധിദിനം ദൈവതിരുമുമ്പിൽ എല്ലാം സാക്ഷ്യപ്പെടുത്തേണ്ടിവരും. കീഴാളനും മേലാളനും അവിടെ സമംസമമാണ്.

കുഞ്ഞന്ന മനസ്സിൽ കുരിശുവരച്ചു പ്രാർത്ഥിച്ചു. പിന്നീടവർ സമാധാനമായി ഉറങ്ങി.

അക്കൊല്ലത്തെ നൊയമ്പുവീടലിന് ചുമ്മാരും ചെറിച്ചിയും ഭാര്യാവീട്ടിലെത്തി. ബന്ധുക്കളായി ധാരാളംപേർ അവിടെ ഉണ്ടായിരുന്നു.

കുടിയും തീറ്റയുമായി ആഘോഷം തകൃതിയായി നടന്നു. ചെറിച്ചിയുടെ അപ്പൻ ശൗരി, തന്റെ രത്നശേഖരങ്ങൾ മരുമകന്റെയും മകളുടെയും മുമ്പിൽ നിരത്തി. കണ്ണഞ്ചിക്കുന്ന രത്നങ്ങളും വൈരങ്ങളും കണ്ട് ചുമ്മാര് കണ്ണുചിമ്മി.

ശൗരി പ്രഖ്യാപിച്ചു:

മോളേ, നിനക്കിഷ്ടോള്ള ഒരു കല്ലെടുക്കാം. മോതിരംകെട്ടാൻ.

അപൂർവ്വങ്ങളായ രത്നക്കല്ലുകൾ! വീട്ടിയിൽ തീർത്ത ഒരു ചെല്ലത്തിൽ. അതിന്റെ അരുകുകൾ ആനക്കൊമ്പിൽ ചിത്രവേലകൾകൊണ്ട് അലംകൃതമായിരുന്നു.

ചെല്ലത്തിന്റെ ഉള്ളിൽ തുറന്നുവച്ച ചെറിയ ചെറിയ ചിമിഴുകൾ ആനക്കൊമ്പിലും കന്നുംകൊമ്പിലും തീർത്തവ.

അവയിലൊന്നിൽനിന്ന് ഒരു ചെറിയ കല്ലിൽനിന്ന് അപൂർവ്വമായ ഒരു പ്രകാശരശ്മി ഉയർന്നുപൊന്തി. മഴവില്ലുപോലെ പ്രകാശിച്ചു. നിറങ്ങൾ മാറിമാറി വന്നു. ഒടുവിൽ സൂര്യകിരണങ്ങൾപോലെ പ്രകാശിച്ചു. പാതിരാവിൽ സുര്യനുദിച്ചതുപോലെ.

ചുമ്മാരിന്റെ കണ്ണുകൾ ആ കല്ലിൽ ഉടക്കി. എന്തൊരു പ്രഭ! സ്വയം പ്രകാശിക്കുന്ന കല്ല്. ആദ്യം കാണുകയാണ് അത്തരമൊന്ന്. നെൽപോളയുടെ അത്രത്തോളം വലിപ്പമേയുള്ളൂ.

ചുമ്മാർ ആ കല്ലിലേക്ക് ചൂണ്ടി ചെറിച്ചിയുടെ കാതുകളിൽ മരന്തിച്ചു:

അതെടുത്തോ!

ചെറിച്ചി അതു ചൂണ്ടി, ശൗരി കന്നുംകൊമ്പുള്ള ആ ചെറിയ ചിമിഴടച്ചു. ആ പ്രകാശധാര അസ്തമിച്ചു.

നെന്മാണിക്യം!

കാലാകാലങ്ങളായി അപ്പനപ്പൂപ്പന്മാർ സൂക്ഷിച്ചിരുന്ന നിധിയാണ്.

എനിക്കൊറ്റ മകളേ ഒള്ളൂ. അതിലും വലിയ ഒരു നിധി എനിക്കില്ല.

ശൗരി പറഞ്ഞുനിർത്തി. എങ്കിലും ഒരു വാക്കുകൂടി പറഞ്ഞു:

ഒരിക്കലും ഇതുകൈവിട്ടുപോകരുത്. ഭദ്രമായി സൂക്ഷിക്കണം. ഇതിരിക്കുന്നേടത്ത് പൊന്നും പണവും കുമിഞ്ഞുകൂടും.

(തുടരും.....)